**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4374** **18-03-2025 - ൽ മറുപടിയ്ക്ക്**

**ജിണ്ടാൽ പവറിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ജിണ്ടാൽ പവറിൽ നിന്ന് 150 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാൻ ഏർപ്പെട്ടിരുന്ന ദീർഘകാല കരാർ റദ്ദാക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് അറിയിക്കുമോ; എന്ന് മുതൽ എത്ര വർഷത്തേക്ക് എത്ര രൂപ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനാണ് പ്രസ്തുത കരാർ വിഭാവനം ചെയ്തിരുന്നത്; വിശദമാക്കാമോ; | (എ) | KSEBL 2014-ൽ DBFOO (Design Build Finance Own and Operate) അടിസ്ഥാനത്തിൽ 2 ബിഡുകളിലെ 765 മെഗാവാട്ട് വൈദ്യുതിക്ക് വേണ്ടിയുള്ള ദീർഘകാല കരാറിൽ ഏർപ്പെടുക യുണ്ടായി. എന്നാൽ കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നുള്ള ടെൻഡർ നടപടികളിലെ വ്യതിയാനങ്ങളും വീഴ്ചകളും ഉന്നയിച്ച സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 30.08.2016- ലെ ഉത്തരവ് പ്രകാരം ബിഡ് 1ലെയും ബിഡ് 2ലെയും L-1 നു മാത്രമാണ് അനുമതി നൽകിയത്. ടെൻഡർ നടപടി ക്രമങ്ങളിലെ ചട്ടലംഘനം ചൂണ്ടിക്കാട്ടി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) ആണ് 465 മെഗാവാട്ടിന്റെ ജിൻഡാൽ പവർ ലിമിറ്റഡ് ഉൾപ്പെടെയുമായുള്ള നാലു ദീർഘകാല കരാറുകൾക്ക് അനുമതി നൽകാതിരുന്നത്. കരാർ പ്രകാരം ജിൻഡാൽ പവർ ലിമിറ്റഡ് നിന്നും 150 മെഗാവാട്ട് വൈദ്യുതി 2017 മുതൽ 25 വർഷത്തേക്ക് കരാർ പ്രകാരമുള്ള നിരക്കിൽ ലഭ്യമാകുമായിരുന്നു (BID നിരക്ക് യൂണിറ്റിന് 4.29 രൂപയാണ്). |
| (ബി) | ഏതൊക്കെ നടപടിക്രമങ്ങൾ പാലിക്കാത്തതിന്റെ പേരിലാണ് പ്രസ്തുത കരാർ റദ്ദ് ചെയ്യാൻ റെഗുലേറ്ററി കമ്മീഷൻ ശിപാർശ ചെയ്തത്; പിന്നീട് ഈ കരാർ പുന:സ്ഥാപിക്കുന്നതിന് മന്ത്രിസഭ ആവശ്യപ്പെടാനിടയായ സാഹചര്യമെന്താണെന്ന് അറിയിക്കുമോ; | (ബി) | ടെൻഡർ നടപടി ക്രമങ്ങളിലെ ചട്ടലംഘനം ചൂണ്ടിക്കാട്ടി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) ആണ് 465 മെഗാവാട്ടിന്റെ ജിൻഡാൽ പവർ ലിമിറ്റഡ് ഉൾപ്പെടെയുള്ള നാലു ദീർഘകാല കരാറുകൾക്ക് അനുമതി നൽകാതിരുന്നത്. ഇത് മൂലം ദീർഘ നാളുകളായി സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരുന്ന 465 മെഗാവാട്ട് വൈദ്യുതി പെട്ടെന്ന് ലഭിക്കാതെ വന്നപ്പോൾ വലിയൊരു വൈദ്യുതി പ്രതിസന്ധിയാണ് അഭിമുഖീകരിക്കേണ്ടി വന്നത്. ആ സാഹചര്യത്തിൽ സംസ്ഥാന താത്പര്യം മുൻനിർത്തി ഇലക്ട്രിസിറ്റി ആക്ട് 2003 ലെ സെക്ഷൻ 108 പ്രകാരമുള്ള അധികാരം ഉപയോഗപ്പെടുത്തി കരാറുകൾക്ക് അനുമതി നിഷേധിച്ച 10.05.2023ലെ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുനപരിശോധിക്കുന്നതിനുള്ള നിർദ്ദശങ്ങൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനു സർക്കാർ നൽകുകയുണ്ടായി.<br><br>ടെൻഡർ നടപടിക്രമങ്ങളിലെ ചട്ടലംഘനങ്ങൾക്കെതിരെയുള്ള നടപടി തുടരുന്നതിനൊപ്പം തന്നെ കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാവുന്നതിലൂടെ ജനങ്ങൾക്കുണ്ടാവുന്ന നേട്ടം മുന്നിൽകണ്ട് പൊതുജന താൽപര്യം സംരക്ഷിക്കുന്ന തിനാണ് കരാറിന് അനുമതി നിഷേധിച്ച ഉത്തരവ് പുനപരിശോധിക്കുന്നതിന് സെക്ഷൻ 108 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയത്. |
| (സി) | സുപ്രീംകോടതി മുഖേന കരാറിൽ നിന്നും പിൻവാങ്ങിയ ശേഷം 150 മെഗാവാട്ട് വൈദ്യുതി തുടർന്നും നൽകുന്നതിന് ജിണ്ടാൽ പവർ സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായോ; എങ്കിൽ എത്ര രൂപ നിരക്കിൽ വൈദ്യുതി നൽകാം എന്നാണ് ജിണ്ടാൽ പവർ രണ്ടാം തവണ സന്നദ്ധത അറിയിച്ചത്; ജിണ്ടാൽ പവറിന്റെ ഈ ആവശ്യം പരിഗണിക്കപ്പെടാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (സി) | 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിലൂടെ കരാറുകൾ പുനഃ സ്ഥാപിച്ചതിനു ശേഷം കരാർ പ്രകാരമുള്ള നിരക്കിൽ (BID നിരക്ക് യൂണിറ്റിന് 4.29 രൂപ) വൈദ്യുതി നല്കാൻ ജിൻഡാൽ പവർ ലിമിറ്റഡ് തയ്യാറായിരുന്നു. എന്നാൽ 2020 ലെ റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് വഴി വൈദ്യുതി വില പരിമിതപ്പെടുത്തിയിരുന്നു. അത് പ്രകാരം പിടിച്ചുവെച്ച മുഴുവൻ തുകയും തീർത്തു നൽകണമെന്നും എങ്കിൽ മാത്രമേ വൈദ്യുതി വിതരണം പുനഃ സ്ഥാപിക്കുക യുള്ളൂ എന്നും ജിൻഡാൽ പവർ അറിയിച്ചിരുന്നു. എന്നാൽ 29.12.2023- ലെ ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ ആവശ്യപ്പെട്ട തുക നല്കാൻ സാധിക്കുമായിരുന്നില്ല . |
| (ഡി) | ജിണ്ടാൽ പവറുമായുള്ള കരാർ റദ്ദാക്കിയതിലൂടെ കരാർ കാലാവധി മുഴുവനും കണക്കാക്കുമ്പോൾ സംസ്ഥാനത്തിന് ആകെ എത്ര രൂപയുടെ നഷ്ടം വരുമെന്നാണ് സർക്കാർ കണക്കാക്കുന്നത്; വിശദമാക്കാമോ; | (ഡി) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുമതി നിഷേധിച്ച കരാറുകൾക്കു പകരമായി വൈദ്യുതി വാങ്ങുന്നതിനുള്ള ദീർഘകാല ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. അതിനാൽ ആയതിന്റെ വില അറിഞ്ഞതിനു ശേഷം കാലാവധി മുഴുവനും കണക്കാക്കി മാത്രമേ അധികച്ചിലവ് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. |
| (ഇ) | നടപടിക്രമങ്ങളുടെ പേരിൽ മാത്രം വീണ്ടുവിചാരമില്ലാതെ സംസ്ഥാനത്തിന് ഇത്രയും വലിയ നഷ്ടം ഉണ്ടാക്കാൻ ഇടയാക്കിയ റെഗുലേറ്ററി കമ്മീഷൻ നടപടിക്കെതിരെ സർക്കാർ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഇ) | DBFOO കരാറുകൾക്ക് അനുമതി നിഷേധിച്ച റദ്ദാക്കിയ തീരുമാനം പിൻവലിച്ച് കരാർ പ്രകാരമുള്ള നിരക്കിൽ പ്രസ്തുത കമ്പനികളിൽ നിന്നും തുടർന്നും വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി. എൽ- ന് അനുമതി നല്കുന്നതിനായി KSERC ക്ക് വൈദ്യുതി നിയമത്തിലെ ചട്ടം 108 പ്രകാരം സർക്കാർ നിർദ്ദേശം നൽക ണമെന്ന് സംസ്ഥാന സർക്കാരിനോട് കെ.എസ്.ഇ.ബി.എൽ അപേക്ഷിച്ചിരുന്നു. ഇതിനെ തുടർന്നു കേരള സർക്കാർ 10.10.2023-ന് റെഗുലേറ്ററി കമ്മിഷന് വൈദ്യുതി നിയമം 2003 ചട്ടം 108 അനുസരിച്ച പൊതു താല്പര്യം മുൻനിർത്തി നിർദേശം നൽകുകയും |

| | | | |
|---|---|---|---|
| | | | 29.12.2023- ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാറുകൾ പുനഃ സ്ഥാപിക്കുകയുമാണ് ഉണ്ടായത്. എന്നാൽ തുടർന്നും ഉത്പാദകർ മേൽ ഉത്തരവ് അനുസരിച്ച് വൈദ്യുതി നൽകാൻ തയ്യാറാകാതെ APTELനെ സമീപിക്കുകയും കെ.എസ്.ഇ.ബി.എൽ-ന്റെ വാദം അംഗീക രിക്കാതെ APTEL, ജനറേറ്റർമാർക്ക് അനുകൂലമായി വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിനെതിരെ കെ.എസ്.ഇ.ബി.എൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതി APTEL-ന് വിധി അംഗീകരിക്കുകയും എന്നാൽ കെ.എസ്.ഇ.ബി.എൽ-ന് 10.05.2023-ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിനെതിരെ APTEL-ൽ പോകാനുള്ള അനുമതി നൽകുകയും ചെയ്തു. ഇത് പ്രകാരം കെ.എസ്.ഇ.ബി.എൽ APTEL-നെ സമീപിച്ചുവെങ്കിലും 13.02..2025-ലെ ഉത്തരവ് ഉല്പാദകർക്കു അനുകൂല-മായതിനാൽ ബഹു: സുപ്രീം കോടതിയിൽ APTEL ന്റെ വിധി ചോദ്യം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ